സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


### 17കാരി തൂങ്ങി മരിച്ച നിലയിൽ

കൊല്ലം: 17കാരിയെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കൊല്ലം അഞ്ചൽ ഏരൂർ കരിമ്പിൻകോണത്താണ് സംഭവം. കരിമ്പിൻകോണം തടത്തിവിള വീട്ടിൽ ആലിയ ആണ് മരിച്ചത്. ഇന്നലെ രാത്രിയാണ് കുട്ടിയെ വീട്ടിലെ മുറിക്കുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. തുടർന്ന് വീട്ടുകാർ പൊലീസിനെ ഉൾപ്പെടെ വിവരമറിയിച്ചു. ആത്മഹത്യയിലേക്ക് നയിച്ചതിന്റെ കാരണം ഇപ്പോഴും വ്യക്തമല്ല. ഇന്നലെ വൈകിട്ട് കുട്ടി ആരെയോ ഫോണിൽ വിളിച്ച് ഉച്ചത്തിൽ സംസാരിക്കുന്നുണ്ടായിരുന്നു എന്ന് വീട്ടുകാർ പറഞ്ഞു. ഇന്നലെ സ്കൂളിൽ ചില കൂട്ടുകാരുമായി പ്രശ്നങ്ങളുണ്ടായിരുന്നു എന്നും വീട്ടുകാർ പറഞ്ഞു. എന്നാൽ, ഇക്കാര്യത്തിലൊന്നും വ്യക്തത വന്നിട്ടില്ല. കുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് ഫോൺ ഉൾപ്പെടെ പരിശോധിച്ച് ഏരൂർ പൊലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.


സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com




# വയനാട് ടൗൺഷിപ്പ്; കല്ലിടൽ മാർച്ച് 27ന്

## നിർമാണം അതിവേഗമെന്ന് മന്ത്രി കെ രാജൻ

കൽപ്പറ്റ: വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിത ബാധിതർക്കായി നിർമിക്കുന്ന ടൗൺഷിപ്പിന് മാർച്ച് 27 ന് തറക്കല്ലിടുമെന്ന് മന്ത്രി കെ രാജൻ. നിയമസഭയിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയ നോട്ടീസിനുള്ള മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

അഭിമാനകരമായ ദുരന്ത ദിവാരണ പ്രക്രിയയിലാണ് സർക്കാരെന്ന് മന്ത്രി പറഞ്ഞു. വയനാടിനുവേണ്ടി രാഷ്ട്രീയ ഭേദമില്ലാതെ ഒന്നിച്ചുനീങ്ങും. ടൗൺഷിപ്പ് നിർമാണം അതിവേഗം പൂർത്തിയാക്കും. 1112 കുടുംബങ്ങൾക്ക് പുനഃരധിവാസത്തിന് മൈക്രോ പ്ലാൻ ഉണ്ട്. അടിയന്തര ചികിത്സയോ തുടർ ചികിത്സയോ ആവശ്യമായ ദുരന്ത ബാധിതരുടെ ചെലവ് സർക്കാർ വഹിക്കുമെന്നും അദ്ദേഹം അറിയിച്ചു.

കൃത്യം മാനദണ്ഡങ്ങൾ പാലിച്ചാണ് പുനരധിവാസ പട്ടിക തയ്യാറാക്കിയത്. 120 കോടി രൂപ ഉപയോഗിച്ച് റോഡുകൾ പുനർനിർമ്മിക്കുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാരിനെതിരെ ടി സിദ്ധിഖ് എംഎൽ എയാണ് അടിയന്തിര പ്രമേയം കൊണ്ടുവന്നത്.



വിഷയത്തിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ കേന്ദ്ര സർക്കാരിനെ രൂക്ഷമായി വിമർശിച്ചു. ക്രൂരമായ അവഗണനയാണ് കേന്ദ്രം കാണിച്ചത്. ഔദാര്യമായി വായ്പ നൽകിയത് തെറ്റാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന സർക്കാരിനെയും പ്രതിപക്ഷ നേതാവ് വിമർശിച്ചു. ദുരന്തബാധിതർക്ക് ജീവിതോപാധി ഒരുക്കാനായി സർക്കാർ എന്ത് ചെയ്തെന്ന് ചോദിച്ച അദ്ദേഹം, ദുരന്തബാധിതർക്കുള്ള പ്രതിദിന അലവൻസ് 300 രൂപ മൂന്ന് മാസം കഴിഞ്ഞപ്പോൾ നിർത്തിയെന്നും കുറ്റപ്പെടുത്തി.

### വലിച്ചെറിഞ്ഞ മൊബൈൽ ഫോണും താക്കോൽ കൂട്ടവും കണ്ടെടുത്തു

തിരു: വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസിൽ പ്രതി അഫാനുമായി രണ്ടാംഘട്ട തെളിവെടുപ്പ് ആരംഭിച്ചു. കൊല്ലപ്പെട്ട പിതൃസഹോദരൻ ലത്തീഫിന്റെ എസ് എൻ പുരത്തെ വീട്ടിലെത്തിച്ചാണ് ആദ്യം തെളിവെടുപ്പ് നടത്തിയത്. കൊലപാതക ശേഷം വലിച്ചെറിഞ്ഞ മൊബൈൽ ഫോണും താക്കോൽ കൂട്ടവും സമീപത്തെ പുരയിടത്തിൽ നിന്ന് തെളിവെടുപ്പിനിടെ പോലീസ് കണ്ടെടുത്തു.

കിളിമാനൂർ പൊലീസ് സ്റ്റേഷനിൽ നിന്നാണ് അഫാനെ ലത്തീഫിന്റെ വീട്ടിലെത്തിച്ചത്. തെളിവെടുപ്പിനായി ബോംബ് സ്ക്വാഡിനെയും എത്തിച്ചിരുന്നു. കൊലക്ക് ശേഷം വലിച്ചെറിഞ്ഞ മൊബൈൽ ഫോൺ കണ്ടെത്തുന്നതിനായാണ് ബോംബ് സ്ക്വാഡിനെ ക്വാഡിനെ കൊണ്ടുവന്നത്. അഫാന്റെ പേരു മലയിലെ വീട്ടിലെത്തിച്ചും തെളിവെടുത്തു.

# സംസ്ഥാന കമ്മിറ്റിയിൽ വിഎസ് പ്രത്യേക ക്ഷണിതാവെന്ന് എംവി ഗോവിന്ദൻ; കടകംപള്ളിക്കും അതൃപ്തി

തിരു: മുതിർന്ന നേതാവ് വി എസ് അച്യുതാനന്ദനെ സിപിഎം സംസ്ഥാന സമിതിയിലെ ക്ഷണിതാവെന്ന നിലയിൽ നിന്ന് ഒഴിവാക്കിയെന്ന ആക്ഷേപം അസംബന്ധമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. വിഎസ് സംസ്ഥാന കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാവായി തുടരും. പാർട്ടി പത്രത്തിന് നൽകിയ അഭിമുഖത്തിലാണ് എംവി ഗേവിന്ദന്റെ വിശദീകരണം. മധുരയിൽ നടക്കുന്ന പാർട്ടി ദേശീയ സമ്മേളനത്തിന് ശേഷം ക്ഷണിതാക്കളുടെ പട്ടിക പ്രസിദ്ധീകരിക്കുമെന്നും അദ്ദേഹം വിശദീകരിച്ചു.



അതേസമയം, സംസ്ഥാന സമ്മേളനം കഴിഞ്ഞതിന് പിന്നാലെ സിപിഎം നേതൃത്വത്തിനുള്ളിൽ പൊട്ടിപ്പുറപ്പെട്ട പ്രതിഷേധങ്ങൾ തുടരുകയാണ്. മുൻ മന്ത്രിയും മുതിർന്ന നേതാവുമായ കടകംപള്ളി സുരേന്ദ്രൻ ഫേസ്ബുക്ക് പേജിന്റെ കവർ ഫോട്ടോ മാറ്റിയാണ് പ്രതിഷേധിച്ചത്. 'നവകേരള മാർച്ചിന്റെ സമാപന സമ്മേളനം, 2016 ഫെബ്രുവരി 15!' എന്ന കുറിപ്പോടെയാണ് പുതിയ കവർ ചിത്രം പോസ്റ്റ് ചെയ്തിരിക്കുന്നത്. പാർട്ടി പ്രവർത്തകരുടെ വലിയ സംഘത്തെ വേദിയിൽ നിന്ന് കടകംപള്ളി അഭിസംബോധന ചെയ്യുന്നതാണ് ചിത്രം. കുറിപ്പിനൊപ്പം ആശ്ചര്യ ചിഹ്നം കൂടി ചേർത്തത് വെറുതേയല്ലെന്നാണ് രാഷ്ട്രീയ വൃത്തങ്ങൾ കരുതുന്നത്.

കടകംപള്ളിയെ സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റിലേക്ക് പരിഗണിക്കുമെന്ന് കരുതിയെങ്കിലും അതുണ്ടായില്ല. കഴിഞ്ഞ ദിവസം സമാപിച്ച കൊല്ലം സമ്മേളനം വലിയ വിജയമാണെന്ന് പാർട്ടി അവകാശപ്പെടുമ്പോഴാണ് 2016ലെ ചിത്രവുമായി കടകംപള്ളി രംഗത്തെത്തിയത് എന്നതും ശ്രദ്ധേയമാണ്. എ പത്മകുമാറിന്റെയും എൻ സുകന്യയുടെയും പോസ്റ്റുകൾ ചർച്ചയായതിന് പിന്നാലെ കടകംപള്ളിയുടെ പോസ്റ്റും ശ്രദ്ധ നേടുകയാണ്.

# ജ്വല്ലറിയിലേക്ക് ഇരച്ചെത്തി ആറംഗസംഘം, തോക്കുചൂണ്ടി 25 കോടിയുടെ ആഭരണങ്ങൾ കവർന്നു; 2 പേർ പിടിയിൽ

പാറ്റ്ന: ജീവനക്കാർക്ക് നേരെ തോക്കുചൂണ്ടി ജ്വല്ലറിയിൽ നിന്ന് 25 കോടിയുടെ ആഭരണങ്ങൾ കൊള്ളയടിച്ചു. ഗോപാലി ചൗക്കിലെ 'തനിഷ്ക്' ജ്വല്ലറിയിൽ രാവിലെയാണ് കവർച്ച നടന്നത്. രാവിലെ 10.30 -ന് ജ്വല്ലറി തുറന്ന് അൽപസമയത്തിനകംതന്നെ 6പേർ സ്ഥാപനത്തിലേക്ക് വരികയായിരുന്നു. സുരക്ഷാ ജീവനക്കാരെ ആക്രമിച്ചാണ് സംഘം ജ്വല്ലറിക്കകത്ത് കടന്നത്. സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നു. സംഘത്തിലെ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തു. മറ്റുള്ളവർക്കായി തിരച്ചിൽ തുടരുകയാണ്.



കവർച്ച നടത്തുന്നതിനിടയിൽ ആയുധധാരികൾ കസ്റ്റമർമാരോടും ജീവനക്കാരോടും കൈകൾ ഉയർത്താൻ ആജ്ഞാപിക്കുന്നതും മോഷ്ടിച്ച വസ്തുക്കൾ പൊതിഞ്ഞ് ബാഗുകളിലാക്കി രക്ഷപ്പെടുന്നതും സിസിടിവി ദൃശ്യങ്ങളിൽ കാണാം. പണവും മാലകൾ, വളകൾ, നെക്ലേസുകൾ തുടങ്ങിയ സ്വർണാഭരണങ്ങളും വജ്രവും ഉൾപ്പെടെ 25 കോടിയോളം രൂപയുടെ വസ്തുക്കൾ കൊള്ളയടിച്ചെന്ന് ജ്വല്ലറി ഷോറൂം മാനേജരായ കുമാർ മൃത്യുഞ്ജയ് പറഞ്ഞു.

6 പ്രതികളും രാവിലെ ജ്വല്ലറിയിലെത്തി. സ്ഥാപനത്തിന്റെ പോളിസിയനുസരിച്ച് 4 പേരിൽ കൂടുതലുള്ള സംഘത്തിന് ജ്വല്ലറിക്കകത്ത് പ്രവേശനമില്ല. അതിനാൽ കുറച്ചുപേർ വീതമാണ് അകത്ത് പോകാൻ അനുവദിച്ചത്. ആറാമത്തെ ആൾ വന്നപ്പോൾ അയാളെന്റെ കഴുത്തിൽ തോക്ക് വെച്ചു. എന്റെ കൈവശമുള്ള ആയുധം പിടിച്ചുവാങ്ങി എന്നെ ആക്രമിച്ചു. ശേഷം അയാൾ ബാഗിലേക്ക് സ്വർണം നിറയ്ക്കുകയായിരുന്നു', ജീവനക്കാരനായ രോഹിത് കുമാർ ശർമപറഞ്ഞു.

സംഭവത്തെത്തുടർന്ന്, ഭോജ്പൂർ പോലീസ് സൂപ്രണ്ട് എല്ലാ സ്റ്റേഷൻ മേധാവികൾക്കും വാഹന പരിശോധന നടത്താൻ നിർദേശം നൽകി. കുറ്റവാളികളെ തിരിച്ചറിയാൻ സഹായിക്കുന്ന സിസിടിവി ദൃശ്യങ്ങളും ഫോട്ടോഗ്രാഫുകളും വാട്സ്ആപ്പ് ഗ്രൂപ്പ് വഴി പ്രചരിപ്പിക്കുകയും ചെയ്തു.

തുടർന്ന്, ആര-ബാബുര റോഡിൽ മൂന്നു ബൈക്കുകളിലായി യാത്രചെയ്യുകയായിരുന്ന പ്രതികളായ ആറുപേരെയും പോലീസ് കണ്ടെത്തി. ഇവരെ തടയാൻ ശ്രമിച്ചെങ്കിലും പോലീസിനെ കണ്ട് പ്രതികൾ ബൈക്കിന്റെ വേഗത കൂട്ടി രക്ഷപ്പെടുകയായിരുന്നു. ഇതിൽ ഒരു ബൈക്ക് പോലീസ് വെടിവെച്ചുവീഴ്ത്തി.

ബൈക്കിലുണ്ടായിരുന്ന വിശാൽ ഗുപ്ത, കുനാൽ കുമാർ എന്നിവർക്ക് പരിക്കേറ്റിട്ടുണ്ട്. ഇവർ പോലീസ് കസ്റ്റഡിയിലാണ്. രണ്ടു തോക്കുകളും വെടിയുണ്ടകളും ബൈക്കും പിടിച്ചെടുത്തിട്ടുണ്ട്. മറ്റു പ്രതികളെ പിടികൂടുന്നതിനായി പ്രത്യേക സംഘം രൂപവത്കരിച്ചതായും അന്വേഷണം ഊർജിതമാക്കിയിട്ടുണ്ടെന്നും പോലീസ് അറിയിച്ചു.

### ഷൈനിയുടെയും മക്കളുടെയും ആത്മഹത്യ, നോബിയുടെ ജാമ്യാപേക്ഷയെ എതിർത്ത് പൊലീസ്

തൊടുപുഴ: ഏറ്റുമാനൂരിൽ അമ്മയും പെൺമക്കളും ട്രെയിനിന് മുന്നിൽ ചാടി മരിച്ച സംഭവത്തിലെ പ്രതി തൊടുപുഴ ചുങ്കം ചേരിയിൽ വലിയപറമ്പിൽ നോബി ലൂക്കോസിന്റെ ജാമ്യാപേക്ഷയെ എതിർത്ത് പൊലീസ്. പ്രതി ജാമ്യത്തിലിറങ്ങിയാൽ തെളിവ് നശിപ്പിക്കുമെന്നും അന്വേഷണത്തെ ബാധിക്കുമെന്നും പൊലീസ് കോടതിയിൽ റിപ്പോർട്ട് നൽകി. ഇന്നലെ നോബിയുടെ ജാമ്യാപേക്ഷ ഏറ്റുമാനൂർ കോടതി പരിഗണിച്ചിരുന്നു.

പാറോലിക്കൽ ഷൈനി കുര്യാക്കോസ് (43), മക്കളായ അലീന (11), ഇവാന (10) എന്നിവരാണ് മരിച്ചത്. പിന്നാലെ നോബിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. നോബിയുടെയും ഷൈനിയുടെയും മൊബൈൽ ഫോണുകളാണ് കേസിലെ പ്രധാന തെളിവുകൾ. ഇവ രണ്ടിന്റെയും ശാസ്ത്രീയ പരിശോധനാ ഫലം പുറത്തുവരേണ്ടതുണ്ട്. നാളെയാണ് ഏറ്റുമാനൂർ കോടതി നോബിയുടെ ജാമ്യാപേക്ഷയിൽ തീർപ്പ് കൽപ്പിക്കുക.

അതേസമയം, ഷൈനിയുടെയും മക്കളുടെയും മരണത്തിൽ സമൂഹമാദ്ധ്യമങ്ങളിലും ഓൺലൈൻ ചാനലുകളിലൂടെയും അധിക്ഷേപം നടക്കുന്നുവെന്ന് പരാതിയുമായി ക്നാനായ സഭ. അതിരൂപതയെയും രൂപതാദ്ധ്യക്ഷനെയും കാരിത്താസ് ആശുപത്രിയെയും അവഹേളിക്കാൻ ശ്രമം നടക്കുന്നുവെന്നും സഭ പരാതിപ്പെടുന്നു. അധിക്ഷേപ പ്രചാരണങ്ങൾക്കെതിരെ നടപടിയാവശ്യപ്പെട്ട് സഭ കോട്ടയം എസ്പിക്ക് പരാതി നൽകി. ഷൈനിയുടെയും മക്കളുടെയും മരണത്തിൽ സമഗ്ര അന്വേഷണം വേണമെന്നും സഭ ആവശ്യപ്പെട്ടു.

## ആശാവർക്കർമാക്ക് ധനസഹായം വർധിപ്പിക്കും, കുടിശ്ശിക നൽകിക്കഴിഞ്ഞു– പാർലമെന്റിൽ കേന്ദ്ര ആരോഗ്യമന്ത്രി

ന്യൂഡൽഹി: ആശാ വർക്കർമാരുടെ ധനസഹായം വർധിപ്പിക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നദ്ദ. കേരളത്തിലെ ആശാ വർക്കർമാർക്കുള്ള എല്ലാ കുടിശ്ശികയും നൽകിക്കഴിഞ്ഞതാണെന്നും പണവിനിയോഗം സംബന്ധിച്ച കണക്കുകൾ കേരളം സമർപ്പിച്ചിട്ടില്ലെന്നും ജെ.പി. നദ്ദ പാർലമെന്റിൽ പറഞ്ഞു. ആശാ വർക്കർമാരുടെ വേതനം വർധിപ്പിക്കാനുള്ള നടപടിയുണ്ടോ എന്നും ഇതിൽ കേരളത്തിന് കുടിശ്ശിക നൽകാനുണ്ടോ എന്നുമുള്ള പി. സന്തോഷ് കുമാർ എംപിയുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു മന്ത്രി.

ഫെബ്രുവരി 10 മുതലാണ് കേരളത്തിലെ ആശ വർക്കർമാർ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം തുടങ്ങിയത്. 7000 രൂപയിൽ നിന്ന് 21000 രൂപയായി ഓണറേറിയം വർധിപ്പിക്കുക, വിരമിക്കുമ്പോൾ അഞ്ചുലക്ഷം രൂപ പെൻഷൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ആശ വർക്കർമാർ ഉന്നയിച്ചത്. പലതവണ ആരോഗ്യമന്ത്രി വീണാ ജോർജുമായി ചർച്ചനടത്തിയിട്ടും ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടിരുന്നില്ല. സമരം തുടങ്ങി പതിനെട്ടാം ദിവസം ജനുവരിയിലെ ഓണറേറിയം കുടിശ്ശികയും മൂന്നുമാസത്തെ ഇൻസെന്റീവിലെ കുടിശ്ശികയും സർക്കാർ അനുവദിച്ചിരുന്നു. ഇതോടെ മൂന്നുമാസത്തെ കുടിശ്ശികയാണ് തീർത്തത്.

ആശ വർക്കർമാർക്ക് ആനുകൂല്യം നൽകേണ്ടത് കേന്ദ്രസർക്കാരാണെന്നായിരുന്നു വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ടവരുടെയും സി.പി.എം. നേതാക്കളുടെയും പ്രതികരണം. സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തി ആശ വർക്കർമാർ നടത്തുന്ന സമരം രാഷ്ട്രീയപ്രേരിതമാണെന്ന് സി.പി.എം. കേന്ദ്ര കമ്മിറ്റി അംഗം എളമരം കരീം അടക്കമുള്ളവർ വിമർശിക്കുകയും ചെയ്തു. ആശ വർക്കർമാർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്ന് മന്ത്രി വീണാ ജോർജും പറഞ്ഞിരുന്നു. ആശ വർക്കർമാർക്ക് 13,000 രൂപ വരെ കിട്ടുന്നുണ്ടെന്നും ഇതിൽ 9,400 രൂപ നൽകുന്നത് സംസ്ഥാന സർക്കാരാണെന്നും വീണാ ജോർജ് നിയമസഭയിൽ പറഞ്ഞിരുന്നു.

സമരവുമായി ബന്ധപ്പെട്ട് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി കേന്ദ്രമന്ത്രി ജെ.പി. നഡ്ഡയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ 120 കോടി രൂപ കേരളത്തിന് നൽകിയതാണെന്നും സംസ്ഥാന സർക്കാരിന്റെ ഭാഗത്താണ് വീഴ്ച സംഭവിച്ചതെന്നുമാണ് നഡ്ഡ പറഞ്ഞതായി സുരേഷ് ഗോപി വ്യക്തമാക്കിയത്.

### ദേവപ്രീതിക്ക് നാലുവയസുകാരിയെ കഴുത്തറുത്ത് കൊന്നു; രക്തം ക്ഷേത്രത്തിന്റെ പടിയിൽ തളിച്ചു

ഗാന്ധിനഗർ: അയൽവാസിയായ നാലുവയസുകാരിയെ കഴുത്തറുത്ത് കൊന്ന് രക്തം ക്ഷേത്രത്തിന്റെ പടികളിൽ തളിച്ച യുവാവ് പിടിയിൽ. ഗുജറാത്തിലെ ഛോട്ടാ ഉദേപുരിലാണ് സംഭവം നടന്നത്. 42കാരനായ ലാലാഭായ് താഡ്‌വിയെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. നരബലിയാണെന്നാണ് സംശയിക്കുന്നത്. കുടുംബത്തിന്റെ ഐശ്വര്യത്തിനും ദേവപ്രീതിക്കുമായാണ് പ്രതി ഇങ്ങനെ ചെയ്തതെന്നാണ് പൊലീസ് പറയുന്നത്.

വീടിന്റെ മുറ്റത്ത് ഒന്നരവയസുകാരനായ സഹോദരനൊപ്പം കളിച്ചുകൊണ്ടിരിക്കെയാണ് പെൺകുട്ടിയെ തിങ്കളാഴ്ച രാവിലെ കാണാതാകുന്നത്. ആദ്യം വീട്ടുകാർ ഇത് ശ്രദ്ധിച്ചിരുന്നില്ല. പെൺകുട്ടിയുടെ നിലവിളി കേട്ട് അമ്മ ഓടിയെത്തിയപ്പോഴാണ് കയ്യിൽ കോടാലിയുമായി യുവാവ് പെൺകുട്ടിയെ വലിച്ചിഴച്ച് കൊണ്ടുപോകുന്നത് കണ്ടത്. എതിർക്കാൻ ശ്രമിച്ചെങ്കിലും യുവതിയെ തള്ളിമാറ്റി. പെൺകുട്ടിയുടെയും അമ്മയുടെയും നിലവിളി കേട്ട് ഗ്രാമവാസികൾ ഓടിയെത്തിയിരുന്നുവെങ്കിലും പ്രതിയുടെ കൈവശം ആയുധമുള്ളതിനാൽ ഒന്നുചെയ്യാൻ കഴിഞ്ഞില്ല. എല്ലാവരും നോക്കിനിൽക്കെയാണ് പ്രതി ക്രൂരകൃത്യം നടത്തിയതെന്നും പ്രദേശവാസികൾ പറയുന്നു.

പ്രതി മനോവൈകല്യമുള്ള ആളാണെന്നാണ് പൊലീസ് പറയുന്നത്. സംഭവത്തിൽ കൂടുതൽ അന്വേഷണം നടത്തിവരികയാണ്. കുട്ടിയുടെ കഴുത്തറുത്ത ശേഷം രക്തം ശേഖരിച്ച് ലാലാഭായ് തന്റെ കുടുംബ ക്ഷേത്രത്തിലെ പടിയിൽ അർപ്പിക്കുകയായിരുന്നുവെന്നും പൊലീസ് പറഞ്ഞു.

# പരസ്യ പ്രതികരണം തെറ്റായിപ്പോയി, എന്ത് അച്ചടക്ക നടപടി സ്വീകരിച്ചാലും അനുസരിക്കും; മയപ്പെട്ട് പദ്മകുമാർ

പത്തനംതിട്ട: നാളത്തെ സി പി എം ജില്ലാ കമ്മിറ്റിയിൽ പങ്കെടുക്കുമെന്ന് എ പദ്മകുമാർ. പരസ്യ പ്രതികരണം തെറ്റായിപ്പോയെന്നും പാർട്ടി തനിക്കെതിരെ എന്ത് അച്ചടക്ക നടപടി സ്വീകരിച്ചാലും അനുസരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.



വൈകാരികമായി പ്രതികരിച്ചുപോയതാണെന്നും പറയാനുള്ളത് പാർട്ടിക്കുള്ളിൽ പറയേണ്ടതായിരുന്നെന്നും അദ്ദേഹം പറഞ്ഞു. 'കഴിഞ്ഞ 52 വർഷക്കാലം പ്രവർത്തനം നടത്തി. മനുഷ്യരാകുമ്പോൾ തെറ്റും ശരിയുമൊക്കെ ഉണ്ടാകും. പാർട്ടിയിൽ നിന്ന് പോയ എത്രയോ പേർ തിരിച്ചുവന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ച്, പാർട്ടിയിലെ ഒരാൾക്ക് ഒരു പ്രശ്നമുണ്ടായാൽ അത് പറഞ്ഞ് പരിഹരിച്ച് മുന്നോട്ടുപോകും.'– പദ്മകുമാർ പറഞ്ഞു. ബി ജെ പി നേതാക്കൾ വീട്ടിലെത്തിയത് മാദ്ധ്യമശ്രദ്ധ കിട്ടാനാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കൊല്ലത്ത് നടന്ന സംസ്ഥാന സമ്മേളനത്തിന്റെ സമാപന ദിവസം ജില്ലാ കമ്മിറ്റിയംഗം കൂടിയായ പദ്മകുമാർ ഫേസ്ബുക്കിലൂടെ നേതൃത്വത്തിനെതിരെ പരസ്യ പ്രതികരണം നടത്തിയത് അസാധാരണ സംഭവമായാണ് പാർട്ടി കരുതുന്നത്. ഒൻപത് വർഷത്തെ പാർലമെന്ററി പരിചയം മാത്രമുള്ള വീണാജോർജിനെ സംസ്ഥാന സമിതിയിൽ ക്ഷണിതാവാക്കിയതും അൻപത്തിരണ്ടുവർഷം സംഘടനാ പാരമ്പര്യമുള്ള തന്നെ തഴഞ്ഞതുമാണ് പദ്മകുമാറിനെ പ്രകോപിപ്പിച്ചത്.

പാർട്ടിയിൽ അര നൂറ്റാണ്ടിലേറെ പ്രവർത്തന പരിചയമുണ്ടായിട്ടും സംസ്ഥാന സമിതിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ നിരാശയായിരുന്നു അദ്ദേഹം പ്രകടിപ്പിച്ചത്. പറഞ്ഞതിൽ ഉറച്ചുനിൽക്കുകയാണെന്ന് പദ്മകുമാർ ഇന്നലെ മാദ്ധ്യമങ്ങളോട് പ്രതികരിച്ചിരുന്നു.

പദ്മകുമാറിനെ ജില്ലാ കമ്മിറ്റിയിൽ നിന്ന് കീഴ് ഘടകങ്ങളിലേക്ക് തരംതാഴ്ത്തിയേക്കും. ജില്ലാ സെക്രട്ടറി രാജു ഏബ്രഹാമും സി.ഐ.ടി.യു സംസ്ഥാന വൈസ് പ്രസിഡന്റ് പി. ബി ഹർഷകുമാറും പദ്മകുമാറിനെ വസതിയിലെത്തി കണ്ടപ്പോഴും നിലപാടിൽ അയവ് കാണിച്ചിരുന്നില്ല.

### ബൈക്കും സൈക്കിളും കൂട്ടിയിടിച്ച് പരിക്ക്

വേലൂർ :വേലൂർ പള്ളിയ്ക്കു സമീപം ബൈക്കും, സൈക്കിളും കൂട്ടിയിടിച്ച് ബൈക്ക് യാത്രികൻ മുണ്ടത്തിക്കോട് സ്വദേശി ചിറമ്മൽ വീട്ടിൽ ബൈജു മകൻ സിജിത്ത്(25), സൈക്കിൾ യാത്രികൻ വേലൂർ സ്വദേശി ചീരമ്പൻ വീട്ടിൽ ഫ്രാൻസീസ് മകൻ ജോയി(59) എന്നിവർക്ക് പരിക്കുപറ്റി.

## പള്ളിവളപ്പിൽ സ്യൂട്ട്കേസിൽ അസ്ഥികൂടം

കൊല്ലം: കൊല്ലത്ത് പള്ളിവളപ്പിൽ സ്യൂട്ട്കേസിനുള്ളിൽ അസ്ഥികൂടം കണ്ടെത്തി. ശരദമ്മം സിഎസ്ഐ പള്ളിയിലെ സെമിത്തേരിക്ക് സമീപമാണ് അസ്ഥികൂടം കണ്ടെത്തിയത്. പള്ളിസെമിത്തേരിയോട് ചേർന്ന് പൈപ്പിടാൻ കുഴിയെടുക്കുന്നതിനിടെയാണ് മണ്ണിൽ കുഴിച്ചിട്ട നിലയിൽ സ്യൂട്ട്കേസ് കണ്ടെത്തുന്നത്. പള്ളിയിലെ ജീവനക്കാരാണ് ഇത് ആദ്യം കാണുന്നത്. അവർ ഈ സ്യൂട്ട്കേസ് തുറന്ന് പരിശോധിച്ചപ്പോഴാണ് പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ് നിലയിൽ അസ്ഥികൂടം കണ്ടെത്തിയത്. പിന്നാലെ പൊലീസിനെ വിവരം അറിയിച്ചു.

പൊലീസ് സ്ഥലത്തെത്തി പരിശോധന തുടങ്ങി. മനുഷ്യന്റെ അസ്ഥികൂടം ആണെന്നാണ് പ്രാഥമിക നിഗമനം. വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ കൂടുതൽ വിവരങ്ങൾ പറയാനാകുവെന്ന് പൊലീസ് പറഞ്ഞു. സിസിടിവി ദൃശ്യങ്ങൾ അടക്കം പൊലീസ് ശേഖരിക്കും. ദ്രവിച്ച് തുടങ്ങിയ അവസ്ഥയിലാണ് അസ്ഥികൂടം. കൊല്ലം ഈസ്റ്റ് പൊലീസാണ് സംഭവം അന്വേഷിക്കുന്നത്. ആരെങ്കിലും ഇവിടെ വർഷങ്ങൾക്ക് മുൻപ് കുഴിച്ചിട്ടതാകാമെന്നാണ് സംശയിക്കുന്നതെന്ന് സിറ്റി പൊലീസ് കമ്മീഷ്ണർ വ്യക്തമാക്കി.

ഫോറൻസിക് സംഘം സ്ഥലത്തെത്തിയിട്ടുണ്ട്. പ്രദേശത്ത് വർഷങ്ങൾക്ക് മുൻപ് കാണാതായവരെ പറ്റിയുള്ള വിവരങ്ങൾ പൊലീസ് ശേഖരിക്കുന്നുണ്ട്. ആരെങ്കിലും കൊന്ന് ഡ്യൂട്ട്കേസിനകത്താക്കി കുഴിച്ചിട്ടതാണോയെന്ന സംശയവുമുണ്ട്. അസ്ഥികൂടത്തിന്റെ കാലപ്പഴക്കം എത്രയാണെന്നാണ് ആദ്യം പരിശോധിക്കുക. നഗരത്തിന്റെ നടുവിലായാണ് ശരദമ്മം സിഎസ്ഐ പള്ളി സ്ഥിതി ചെയ്യുന്നത്. അതിനാൽ തിരക്കുള്ള പ്രദേശം കൂടിയാണിത്. രാത്രിയും ആൾക്കാർ ഉണ്ടാകുന്ന സ്ഥലം. അതിനാലാണ് വർഷങ്ങൾക്ക് മുൻപ് കുഴിച്ചിട്ടതാകാമെന്ന നിഗമനത്തിലാണ് പൊലീസ്.


### കോടതി പരസ്യം

**ബഹു. തൃശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ**

GOP: 52/2025

തൃശൂർ ജില്ല ചാവക്കാട് താലൂക്ക്, വാടാനപ്പിള്ളി വില്ലേജ്, ദേശത്ത്, വൈക്കാട്ടിൽ വി ജെ നാരായണൻ ഭാര്യ സിനി

– ഹരജിക്കാരി

1) തൃശൂർ ജില്ല ചാവക്കാട് താലൂക്ക്, വാടാനപ്പിള്ളി വില്ലേജ്, ദേശത്ത്, വൈക്കാട്ടിൽ വി ജെ നാരായണൻ മകൻ മൈനർ 5 വയസ് വി എൻ സായ് തേജസ്

2) ടി ദേശത്ത് ടി വി ജെ നാരായണൻ മകൻ മൈനർ 5 വയസ് വി എൻ സായ് ശ്രേയസ്

–മൈനർമാർ

മേൽ നമ്പറിലെ ഹരജിക്കാരിയുടെ ഭർത്താവും മൈനർമാരുടെ പിതാവുമായ അന്തരിച്ച വി ജെ നാരായണൻ പേരിലുണ്ടായിരുന്നതും ഹരജി പട്ടികയായി കാണിച്ചിരിക്കുന്നതുമായ ഷോളയൂർ വില്ലേജ് സർവ്വെ 1444/2ൽ പെട്ട 60.72 ആർ, ടി വില്ലേജ് സർവ്വെ 1444/2ൽ പെട്ട 12.14 ആർ എന്നീ വഹകളിൽ നാരായണൻ എന്നവരുടെ കാലശേഷം മൈനർമാർക്ക് സിദ്ധിച്ച ഓഹരി അവകാശം തീറുവിൽക്കുന്നതിനു വേണ്ടി ഹരജിക്കാരിയെ മൈനർമാരുടെ രക്ഷിതാവായി നിയമിക്കുന്നതിനും മൈനർമാരുടെ ദേഹത്തിന്റെയും സ്വത്തിന്റെയും രക്ഷിതാവായി ഹരജിക്കാരിയെ നിയമിക്കുന്നതിനും ബോധിപ്പിച്ച മേൽ നമ്പർ ഹരജി **11-04-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഹരജി സംഗതി തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു

എന്ന്, 06-03-2025

ഹരജിഭാഗം അഡ്വക്കെറ്റ്

**ടി പ്രകാശ്കുമാർ** (ഒപ്പ്)



### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

OS: 868/2023

മുകുന്ദപുരം താലൂക്ക്, പറപ്പൂക്കര വില്ലേജ് നന്തിക്കര ദേശത്ത്, സ്ഥാപിതമായ കോസി കോർണർ ഇൻവെസ്റ്റ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് വിൻകോസ്റ്റ് ടവർ, നന്തിക്കര പി ഒ., പിൻ-680301, തൃശൂർ എന്ന കമ്പനിക്കുവേണ്ടി ഇപ്പോഴത്തെ ചെയർമാൻ മുകുന്ദപുരം താലൂക്ക്, പറപ്പൂക്കര വി ല്ലേജ് പോങ്കോത്ര ദേശത്ത് കൂടപറമ്പിൽ ചന്ദ്രൻ മകൻ 44 വയസ് ബിസിനസ് പ്രദീപ് കെ സി

-വാദി

തലപ്പിള്ളി താലൂക്ക് കുമരനെല്ലൂർ വില്ലേജ് കുമരനെല്ലൂർ ദേശത്ത് മടപ്പാട്ടുപറമ്പിൽ കുഞ്ഞുമുഹമ്മദ് ഭാര്യ 58 വയസ് കദീജ, വടക്കാഞ്ചേരി പി ഒ., പിൻ-680590. തൃശൂർ

-5-ാം പ്രതി

മേൽ നമ്പറിൽ 5-ാം പ്രതിക്കുള്ള സമൻസ് ടിയാരുടെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **15-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് നിങ്ങൾ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങ ളെ കൂടാതെ കേസ് വിചാരണ ചെയ്ത് തീർപ്പാക്കുമെന്ന് നിങ്ങളെ ഇതിനാൽ അറിയിക്കുന്നു.

എന്ന്, 24-01-2025

വാദിഭാഗം അഡ്വക്കെറ്റ്

**കെ എൻ നിധിൻ** (ഒപ്പ്) ഇരിങ്ങാലക്കുട



### കോടതി പരസ്യം

**ബഹു. തൃശൂർ MACT മുമ്പാകെ**

OP(MV): 2905/2019

സുദർശൻ

– ഹരജിക്കാരൻ

1) ജിതിൻ ഉണ്ണികൃഷ്ണൻ, S/o. ഉണ്ണികൃഷ്ണൻ, കാക്കശ്ശേരി പടിഞ്ഞാറെപുരയ്ക്കൽ ഹൗസ്, എളവള്ളി പി ഒ., കാക്കശ്ശേരി, തൃശൂർ-680511

–2-ാം എതൃകക്ഷി

മേൽ നമ്പറിൽ2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് കേസ് **19-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 10-3-2025

ഹരജിഭാഗം അഡ്വക്കെറ്റ്

**ബി ഗോപാലകൃഷ്ണൻ** (ഒപ്പ്)



### കോടതി പരസ്യം

**ബഹു. തൃശൂർ MACT മുമ്പാകെ**

OP(MV): 428/2021

ബിജു ടി യു

– ഹരജിക്കാരൻ

1) വേണുഗോപാൽ കെ ഐ., S/o. ഇട്ടിരി, കല്ലാട്ടുവളപ്പിൽ ഹൗസ്, ഊരോംക്കാട്, കുണ്ടുകാട്, തൃശൂർ-680028

–1-ാം എതൃകക്ഷി

മേൽ നമ്പറിൽ1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് കേസ് **18-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 10-3-2025

ഹരജിഭാഗം അഡ്വക്കെറ്റ്

**ബി ഗോപാലകൃഷ്ണൻ** (ഒപ്പ്)

